# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിൻെറ പ്രതീകം

VOL. 19 No. 12 | PUBLISHED FROM DELHI | PRICE Rs. 3/- | DECEMBER 2015


## ക്രിസ്തീയ ജീവിതത്തിൽ ജയാളികളായി മാറുക: പാസ്റ്റർ വിനോദ് കെ.



പാസ്റ്റർ വിനോദ് കെ മുഖ്യപ്രഭാഷണം നടത്തുന്നു. പാസ്റ്റർമാരായ സുമേഷ് പി. ലാസർ, ഡി. ജോൺ, വി.എം. ഏബ്രഹാം, എബി ജോർജ് എന്നിവർ വേദിയിൽ

**അടൂർ**: ദൈവമക്കൾ ദൈനംദിന ജീവിതത്തിൽ വിശുദ്ധിയും വേർപാടും കാത്തുസൂക്ഷിച്ച് ക്രിസ്തീയ ജീവിതത്തിൽ ജയാളികളായി മാറണമെന്ന് പാസ്റ്റർ വിനോദ് കെ. പ്രസ്താവിച്ചു. ഫെയ്ത്ത് ഫെലോഷിപ്പ് സഭകളുടെ കേരളാ റീജന്റെ നവംബർ മാസത്തിലെ മാസയോഗത്തിൽ വെളിപ്പാട് 3:20 ആസ്പദമാക്കി ദൈവവചനം സംസാരിക്കുകയായിരുന്നു അദേഹം.

സമ്പൽസമൃദ്ധിയുടെ ഔന്നത്യത്തിൽ നിന്നിരുന്ന ഒരു സ്ഥലമായിരുന്നു ലവോദിക്യാ. ഒന്നിനും മുട്ടില്ലാത്തവരായി പരിലസിച്ചവരാണവർ. പെട്ടെന്നുണ്ടായ ഭൂകമ്പത്തിൽ പട്ടണം തകർന്നടിഞ്ഞിട്ടും പരസഹായം കൂടാതെതന്നെ അതിനെ പുതുക്കി പണിതവരാണ്. എന്നാൽ ആത്മീകമായ ദാരിദ്ര്യത്തിന്റെ ആഴങ്ങളിൽ അവർ അമർന്നുപോയി. ദൈവസഭ ആത്മീകമായി അധഃപതനത്തിലേക്ക് കൂപ്പുകുത്തി. ഉടുക്കുവാൻ വസ്ത്രവും ചികിത്സയ്ക്ക് ഔഷധവും കഴിക്കുവാൻ ഭക്ഷണവും ഉണ്ടായിരുന്നിട്ടും കണ്ണുകൾ ക്ക് ആത്മീയ വിഷയ ങ്ങളിൽ കാഴ്ചയില്ലാത്ത, കാതുകൾക്ക് ദൈവശബ്ദം കേൾക്കുവാൻ ശക്തിയില്ലാത്ത വികലമനസ്സുകൾക്ക് അടിമയായി മാറിയ ഒരു കാലഘട്ടം. എന്നാൽ ആ അനുഭവത്തിൽ നിന്നും മുക്തി നേടി ശക്തിയോടെ ആത്മീയമായി മുന്നേറുവാൻ ദൈവത്തിൽ നിന്നും ഔഷധം വാങ്ങുവാൻ വചനം ഇവിടെ ഓർമ്മിപ്പിക്കുന്നു. ഏഴുസഭകൾക്കുള്ള ദൂതിൽ യോഹന്നാന് ക്രിസ്തു നൽകിയ ഈ ദൂതിന് ഈ കാലഘട്ടത്തിലും പ്രസക്തിയുണ്ട്. ലവോദിക്ക്യ സഭ കടന്നു പോയതുപോലുള്ള ഒരു അവസ്ഥയിലൂടെയാണ് ദൈവസഭ ഇന്ന് കടന്നു പോകുന്നത്. പണ്ടത്തെ നാളുകളിലെ പട്ടിണിയും പരിവട്ടവും മാറി ദൈവം അനുഗ്രഹിച്ച് സുഭിക്ഷതയിലും സമ്പന്നതയിലേക്കും ആർഭാടങ്ങളിലേക്കും ദൈവജനം എത്തിയപ്പോൾ ദൈവഭയമില്ലത്ത, ആത്മീയത നഷ്ടപ്പെട്ട തലമുറയായി മാറി. എന്നാൽ ദൈവജനം ആത്മീകമായി സമ്പന്നരായി ജയാളികളായി ക്രിസ്തീയ ജീവിതത്തിൽ മുന്നേറണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

നവംബർ 21ന് വടശ്ശേരിക്കര സഭയിൽ വച്ച് നടന്ന മാസയോഗത്തിന് സീനിയർ പാസ്റ്റർ ഡി. ജോൺ അദ്ധ്യക്ഷത വഹിച്ചു. റീജൻ കോ-ഓഡിനേറ്റർ പാസ്റ്റർ എബി ജോർജ്ജ് സങ്കീർത്തനത്തിൽ നിന്നും പ്രബോധിപ്പിച്ചു. കർത്തൃമേശ ശുശ്രൂഷയ്ക്ക് പാസ്റ്റർ ബോബി പി. ജോൺ നേതൃത്വം നൽകി.

## എഫ്. സി.വൈ. എം. വാർഷികം നടന്നു

**ന്യൂഡൽഹി:** ഡൽഹി റീജൻ ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റിന്റെ വാർഷികയോഗവും യുവജനങ്ങളുടെ താലന്തുപ്രദർശനവും നവബർ 11ന് ബുധനാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 2 മണിവരെ ലാഡോസരായ് ഡിവൈൻ ഗാർഡൻ ഹാളിൽ വച്ച് നടന്നു. എഫ്. സി. വൈ. എം. പ്രസിഡന്റ് പാസ്റ്റർ ടി.ഡി. സുധാകരൻ അദ്ധ്യക്ഷത വഹിച്ച വാർഷിക യോഗം ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ ജനറൽ സെക്രട്ടറി പാസ്റ്റർ ബിനോയി പി. ജോൺ ഉദ്ഘാടനം ചെയ്തു. അനുഗ്രഹിക്കപ്പെട്ട താലന്തുലഭിച്ച തലമുറകൾ ദൈവനാമ മഹത്വത്തിനായി അത് ഉപയോഗിക്കുവാനും യേശുവിനെ ഉയർത്തുവാനും സുവിശേഷം അറിയിക്കുവാനും ലഭിക്കുന്ന അവസരം തക്കത്തിൽ ഉപയോഗിക്കണമെന്നും അദ്ദേഹം തന്റെ സന്ദേശത്തിൽ ഓർമ്മിപ്പിച്ചു.

ജനറൽ സെക്രട്ടരി ശീലാസ് സാമുവേൽ സ്വാഗതം ആശംസിക്കുകയും ട്രഷറാർ ബാബുരാജ് കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു. പൊതുയോഗത്തിനു മുമ്പായി റീജനിലെ വിവിധ സഭകളിൽ നിന്നുള്ള യുവജനങ്ങളുടെ താലന്തുപ്രദർശനവും നടന്നു.

യോഗത്തോടനുബന്ധിച്ച് പുതിയ ഭാരവാഹികളെയും തിരഞ്ഞെടുത്തു. പാസ്റ്റർ ബിനോയി പി. ജോൺ (പ്രസിഡന്റ്), മണിമോൻ (ജനറൽ സെക്രട്ടറി), ഷിബു യോഹന്നാൻ (ട്രഷറാർ) ജേക്കബ് കൽക്കാജി, ഷൈജു ജോൺ എന്നിവരാണ് പുതിയ നേതൃത്വം.




പാസ്റ്റർ ബിനോയി പി. ജോൺ യോഗം ഉദ്ഘാടനം ചെയ്യുന്നു പാസ്റ്റർമാരായ ബിനുജോൺ, ടി. ഡി. സുധാകരൻ, ബ്രദർ ശീലാസ് സാമുവൽ എന്നിവർ വേദിയിൽ

## യുണൈറ്റഡ് ക്രിസ്ത്യൻ യൂത്ത് ഫെല്ലോഷിപ്പ് മ്യൂസിക്കൽ അവർഡ് 2015

**മസ്ക്കറ്റ്**: നിത്യതയിൽ വിശ്രമിക്കുന്ന പ്രശസ്ത ഗായകനും വർഷിപ്പ്ലീഡറുമായിരുന്ന ചിക്കു കുര്യാക്കോസിന്റെ അനുസ്മരണാർത്ഥം ഒമാൻ യുണൈറ്റഡ് ക്രിസ്ത്യൻ യൂത്ത് ഫെല്ലോഷിപ്പ് മ്യൂസിക്കൽ അവാർഡ് 2015 സംഘടിപ്പിച്ചു. ഒക്ടോബർ 7ന് നടന്ന അവസാന റൗണ്ട് മത്സരവും സമ്മാന വിതരണവും മസ്ക്കറ്റ് റൂയി ഹാളിൽ വച്ച് നടന്നു.

നാല് റൗണ്ടുകളായി നടന്ന മത്സരത്തിന് ഒമാനിലെ എല്ലാ ക്രൈസ്തവ സഭാവിഭാഗങ്ങളിലുമുള്ള 100ഓളം ഗായകർ പങ്കെടുത്തു.

സീനിയർ വിഭാഗത്തിൽ മസ്ക്കറ്റ് പെനിയേൽ ചർച്ച് ഓഫ് ഗോഡിനെ പ്രതിനിധീകരിച്ച് മത്സരിച്ച ഇവാ. ജോസഫ് ഫിലിപ്പ് (ജോയി വലിയവിള )ഒന്നാം സ്ഥാനം നേടി സ്വർണ്ണ മെഡൽ കരസ്ഥമാക്കി. മസ്ക്കറ്റ് ഗ്ലോബൽ പ്രയർ ഫെയ്ത്ത് ഫെല്ലോഷിപ്പ് കോഡിനേറ്ററും അടൂർ ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭാംഗവുമാണ് അദ്ദേഹം.



ജോസഫ് ഫിലിപ്പ് അവാർഡ് സ്വീകരിക്കുന്നു

## കേരളാ റീജൻ ഉപവാസപ്രാർത്ഥന നടന്നു

അടൂർ: ഫെയ്ത്ത് ഫെല്ലോഷിപ്പ് കേരളാ റീജനിലെ സഭകളുടെ ആഭിമുഖ്യത്തിൽ 7 ദിവസത്തെ ഉപവാ സ പ്രാർത്ഥന 2015 നവംബർ 9 മുതൽ 15 വരെ അടൂർ സഭാഹാളിൽ വച്ച് നടത്തപ്പെട്ടു. റീജൻ കോഡിനേറ്റർ എബി ജോർജ് പ്രാർത്ഥിച്ചാരാംഭിച്ച ഉപവാസ പ്രാർത്ഥനയിൽ പാസ്റ്റർമാരായ ജയൻ ജോസഫ്, ജോയി ജോസഫ്, വിനോദ് കെ., ജോസ് പ്രകാശ്, ഡി. ജോൺ, ബൻസി ജോർജ്, മനോജ് തമ്പി, ബോബി പി. ജോൺ, തോമസ് മാത്യു, സുമേഷ് പി. ലാസർ, വി.എം. ഏബ്രഹാം എന്നിവരും സുവിശേഷകരായ ബിജു പാപ്പച്ചൻ, ജോൺസൻ ഡാനിയേൽ, അമൃത് ശ്രീരാജ് എന്നിവരും വിവിധ ദിവസങ്ങളിൽ ദൈവവചനം സംസാരിച്ചു.

ഞയറാഴ്ച രാവിലെ സംയുക്താരാധനയോടെ ഉപവാസപ്രാർത്ഥന സമാപിച്ചു.

*ഉൾപേജുകളിൽ...*


വിളിയാലുള്ള ആശ : പാസ്റ്റർ എം.സാമുവൽകുട്ടി

വെളിപ്പാട് സാഹിത്യങ്ങൾ : പാസ്റ്റർ മനോജ് തമ്പി

പരിശുദ്ധാത്മാവിനെ ദുഖിപ്പിക്കരുത്! : പാസ്റ്റർ ജോസ് ശാമുവേൽ

വറ്റാത്ത ഉറവയിലെ നന്മ : ഇവാ. ജോൺ സാമുവൽ

പത്രാധിപ ലേഖനം......

# അവന്റെ വിളിയാലുള്ള ആശ



"നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ട് അവന്റെ വിളിയാലുള്ള ആശ ഇന്നെതെന്നും വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നും അവന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിനും പ്രാർത്ഥിക്കുന്നു"(എഫെസ്യർ 1:18,19)

എഫെസ്യലേഖനം പൗലൊസ് എഴുതിയതിന്റെ ഉദ്ദേശ്യം സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാം ക്രിസ്തുവിൽ ഒന്നായിച്ചേർക്കുക എന്ന ദൈവീക വ്യവസ്ഥ വെളിപ്പെടുത്തുക എന്നതാണ്. അതായത് എല്ലാറ്റിന്റെയും കേന്ദ്രവും കാര്യനിർവ്വഹകനും ക്രിസ്തുവാണ്. സൃഷ്ടിക്കപ്പെട്ട മുഴുവൻ പ്രപഞ്ചവും ക്രിസ്തുവിൽ ഒന്നായിച്ചേരുകയും സൃഷ്ടികൾ തമ്മിലും അവയും താനും തമ്മിലും ഐക്യത പുനസ്ഥാപിക്കുകയുമാണ് ദൈവത്തിന്റെ നിത്യമായ ഉദ്ദേശ്യം. സഭ എന്ന മർമ്മവും സകല മാനവജാതിയേയും ദൈവവുമായുള്ള ബന്ധത്തിൽ പുനസ്ഥാപിക്കുന്നതിൽ സഭയുടെ പങ്കും അപ്പൊസ്തലൻ ഇതിൽ വിവരിക്കുന്നു. സഭയെക്കുറിച്ചുള്ള സമ്പൂർണ്ണ വെളിപ്പാട് നമുക്ക് ഈ ലേഖനത്തിലാണ് ലഭിക്കുന്നത്. സഭ പഴയനിയമ വെളിപ്പാടിന്റെ വിഷയമല്ല. പുതിയനിയമ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കുമാണ് സഭയുടെ ദൗത്യം വെളിപ്പെട്ടത്. യെഹൂദ മതത്തിന്റെ വികസിത രൂപമല്ല സഭ; യെഹൂദനും പുറംജാതിയും ചേർന്ന് രൂപമെടുത്തതാണ് ദൈവസഭ. ഈ കൃപായുഗത്തിൽ രക്ഷിക്കപ്പെട്ട എല്ലാവരും ചേർന്നതാണ് ദൈവസഭ. വിവിധ പരിണാമ സന്ധികളിൽകൂടി സഭ കടന്നുപൊയ്ക്കൊണ്ടിരുന്നാലും ക്രിസ്തു സഭയെ പണിതുകൊണ്ടിരിക്കുകയാണ്. ഒരിക്കൽ സഭയെ തേജസ്സോടെ മുന്നിർത്തുന്നതിനായി ക്രിസ്തു ജാഗരിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തുവിന്റെ നിറവാണ് സഭയുടെ നിറവ്. ദൈവത്തിന്റെ പൂർണ്ണതയാണ് ക്രിസ്തുവിന്റെ പൂർണ്ണത. ദൈവത്തിന്റെ മഹത്വം സഭയിലും പ്രതിഫലിക്കുന്നു.

'സഭ' എന്നത് കൊണ്ട് പൗലൊസ് പരാമർശിക്കുന്നത് ഒരു പ്രാദേശിക സഭയേ അല്ല പ്രത്യുത, സാർവ്വലൗകിക സഭയെയാണ്. ക്രിസ്തുശരീരമായ സഭയുടെ അംഗങ്ങളായിരിക്കുന്ന നാം അവന്റെ വിളിയാലുള്ള ആശ എന്നത് തിരിച്ചറിയണമെന്ന് പൗലൊസ് ആഗ്രഹിക്കുന്നു. ആത്മിയ കാര്യങ്ങൾ കാണാനും മനസ്സിലാക്കാനും നാം നമ്മുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിക്കേണ്ടിയിരിക്കുന്നു. എഫെസ്യ ക്രിസ്ത്യാനികളുടെ കണ്ണ് നാല് ആത്മീയ യാഥാർത്ഥ്യങ്ങൾ കാണാൻ തുറക്കപ്പെടേണമെന്ന് പൗലൊസ് പ്രാർത്ഥിക്കുന്നു

അവർ ദൈവത്തെ അറിയണം (1:17). ഇതാണ് എറ്റവും വലിയ അറിവ്. നിരീശ്വരവാദികൾ പറയുന്നത് നാമറിയേണ്ട ഒരു ദൈവമില്ല എന്നാണ്. എന്നാൽ പൗലൊസ് യേശുക്രിസ്തുവിന്റെ ആളത്വത്തിൽ ദൈവത്തെ കണ്ടു. ഒരു വിശ്വാസി ദൈവത്തെക്കുറിച്ചുള്ള അറിവിൽ നിന്നാണ് വളരേണ്ടത്. ദൈവത്തെ വ്യക്തിപരമായി അറിയുന്നത് രക്ഷയാണ് (യോഹ. 17:3). അവനെ കൂടുതലായി അറിയുന്നത് വിശുദ്ധീകരണമാണ് (ഫിലി.3:10). നാം ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവരാകയാൽ ദൈവത്തെ നാം എത്രമാത്രം അറിയുന്നുവോ അത്രമാത്രം നമ്മേയും മറ്റുള്ളവർ അറിയും. ദൈവത്തെ രക്ഷകനായി മാത്രം അറിഞ്ഞതുകൊണ്ട് കാര്യമില്ല. മറിച്ച് പിതാവായും സ്നേഹിതനായും നടത്തിപ്പുകാരനായും നാം അറിയണം. നാം ദൈവത്തെ കൂടുതലായി അറിയുമ്പോൾ നമ്മുടെ ആത്മിക ജീവിതം കുറെക്കൂടെ സംതൃപ്തമായി മാറും.

അവന്റെ വിളി അറിയേണം (1:18). ക്രിസ്തീയ പദസമുച്ചയത്തിൽ പ്രാധാന്യം അർഹിക്കുന്ന ഒരു വാക്കാണ് 'വിളി'. സഭ എന്ന വാക്ക് രണ്ട് ഗ്രീക്ക് പദങ്ങൾ ഒന്നിച്ച് ചേർന്നതാണ്. അതിന്റെ അർത്ഥം 'വേർതിരിക്കപ്പെട്ടത് 'എന്നത്രെ. ദൈവം തന്റെ കൃപയാൽ തന്നെ വേർതിരിച്ചതാണെന്ന് പൗലൊസ് സാക്ഷീകരിക്കുന്നു (2 തിമൊ. 1:9). നാം അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്ക് വിളിക്കപ്പെട്ടവരാണ് (1പത്രൊ. 2:9). അവൻ തന്റെ മഹത്വത്തിൽ നമ്മെ വിളിച്ചതാണ് (2 പത്രൊ.1:3). ദൈവം തന്റെ കൃപയാലാണ് നമ്മെ വിളിച്ചത്. നാം സമ്പാദിച്ചിരിക്കുന്ന യാതൊരു നേട്ടവും അതിന് കാരണമല്ല. ഈ വിളിമൂലം നമുക്കുള്ള പ്രത്യാശയെക്കുറിച്ച് നാം മനസ്സിലാക്കണമെന്ന് പൗലൊസ് ആഗ്രഹിക്കുന്നു(എഫെ. 4:4). ചില വിളികൾക്ക് ഒരു പ്രത്യാശയുമില്ല. എന്നാൽ ക്രിസ്തുവിലുള്ള നമ്മുടെ വിളി വളരെ മഹത്വമേറിയ ഒരു ഭാവിയെ ഉറപ്പിക്കുന്നതാണ്. വേദപുസ്തകത്തിൽ പ്രത്യാശ എന്ന വാക്ക് ഭാവിയെക്കുറിച്ചുള്ള ഉറപ്പാണ് നൽകുന്നത്. തന്റെ സഭയ്ക്കുവേണ്ടിയുള്ള യേശുക്രിസ്തുവിന്റെ പുനരാഗമനമാണ് ഒരു വിശ്വാസിയുടെ പ്രത്യാശ (1 തെസ്സ.4:13–18; 1 യോഹ.3:1–3). നാം നഷ്ടപ്പെട്ടവരായിരുന്നപ്പോൾ പ്രത്യാശയില്ലാത്തവരായിരുന്നു. എന്നാൽ യേശുക്രിസ്തുവിൽ നമുക്ക് ജീവനുള്ള പ്രത്യാശയുണ്ട്(1 പത്രൊ.1:3). നമ്മുടെ വിളിക്കാധാരമായ പ്രത്യാശ നമ്മുടെ ജീവിതത്തിൽ ചലനാത്മകമായ ഒരു ശക്തിയായിരിക്കണം. അത് നമ്മെ വിശുദ്ധരായിരിക്കുന്നതിനും അനുസരണമുള്ളവരായിരിക്കുന്നതിനും വിശ്വസ്തരായിരിക്കുന്നതിനും പ്രോത്സാഹിക്കുന്നു.

ദൈവത്തിന്റെ മഹിമാധനം അറിയണം (1:18). ഈ പ്രയോഗം ക്രിസ്തുവിൽ നമ്മുടെ അവകാശത്തെക്കുറിച്ചല്ല, നമ്മിൽ ക്രിസ്തുവിന്റെ അവകാശത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. ഇത് വളരെ ആശ്ചര്യകരമായ ഒരു സത്യമാണ്. ദൈവത്തിന്റെ വലിയ ധനത്തിന്റെ ഭാഗമായി അവൻ നമ്മെ കാണുന്നു. ഒരു മനുഷ്യന് സമ്പത്ത് മഹത്വം നൽകുന്നതുപോലെ ദൈവം നമ്മിൽ നിക്ഷേപിച്ചിരിക്കുന്നതിലൂടെ സഭയിൽ നിന്ന് മഹത്വം ലഭിക്കുന്നു. യേശുക്രിസ്തുവിന്റെ പുനരാഗമനത്തിൽ നാം അവന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചക്കായിത്തീരും. നമ്മുടെ ഭാവിയെ അനുസരിച്ചാണ് ദൈവം നമ്മോട് ഇടപ്പെടുന്നത്, അല്ലാതെ ഭൂതകാലത്തെ ആശ്രയിച്ചല്ല. ഭീരുവായിരുന്ന ഗിദയോനോട് അല്ലയോ പരാക്രമശാലിയെ, യഹോവ നിന്നോട് കൂടെയുണ്ട് എന്നാണ് ദൈവം പറഞ്ഞത്. അവൻ പരാക്രമശാലിയായിത്തീർന്നു.

നാം ദൈവത്തിന്റെ ശക്തി അറിയണം (1:19–23). നമ്മെ തന്റെ അവകാശമാക്കിയതിലൂടെ ദൈവം തന്റെ സ്നേഹത്തെയാണ് വെളിപ്പെടുത്തിയത്. അതിവിശിഷ്ടമായ ഒരു ഭാവി വാഗ്ദത്തം ചെയ്തതിലൂടെ അവൻ നമ്മുടെ പ്രത്യാശയെ പ്രോത്സാഹിപ്പിച്ചു. നമ്മുടെ വിശ്വാസത്തെ വെല്ലുവിളിക്കുന്ന ഒന്ന് പൗലൊസ് മുമ്പോട്ട് വെച്ചു: വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം. നമുക്ക് പ്രാപ്യമായ ദൈവീക ശക്തിയേയും നിത്യമായ ബലത്തെയും കുറിച്ചാണ് പൗലൊസ് പറയുന്നത്. യേശുക്രിസ്തുവിന്റെ ഉയർപ്പിനാലാണ് ഈ ശക്തി കാണുന്നത്. ഉയർത്തെഴുന്നേറ്റ ദൈവപുത്രനായ യേശുക്രിസ്തുവിനെ വെല്ലുന്ന ഒരധികാരമോ ശക്തിയോ മാനുഷിക ലോകത്തിലോ ആത്മലോകത്തിലോ ഇല്ല. മറ്റെല്ലാ ശക്തിയിലും മേലായി ഉയർന്നിരിക്കുന്നതിനാൽ അവൻ എല്ലാവരിലും ഉന്നതനാണ്. ക്രിസ്തുവാണ് സഭയുടെ തല; ശരീരത്തിലെ മറ്റ് അംഗങ്ങൾ എന്ന നിലയിൽ ആത്മാവിനാൽ നാം അവനോട് ബന്ധപ്പെട്ടിരിക്കുന്നു.

അവന്റെ ശക്തി വിശ്വസിക്കുന്ന നമുക്കുള്ളതാണ് (വാക്യം 19). നാലു സുവിശേഷങ്ങളിൽ യേശുവിന്റെ ശുശ്രൂഷയിലൂടെ വ്യാപരിക്കുന്ന ദൈവശക്തി സാധാരണക്കാരായ വിശ്വാസികളിലേക്കും പകരപ്പെടുന്നതായി കാണുന്നു. വിശ്വാസികളിൽ വ്യക്തിപരമായി ശക്തിശോഷണം സംഭവിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ദൈവീക വിളിയേയും അവന്റെ ശക്തിയുടെ അളവറ്റവലിപ്പത്തെയും അനുഭവിച്ചറിയുന്നവരായി മാറാം.

**പാസ്റ്റർ എം. സാമുവൽകുട്ടി**

## നിത്യതയിൽ

### തങ്കമ്മ ജോൺ



**ന്യൂഡൽഹി:** കോട്ടയം, നാട്ടകം പാലക്കുന്നിൽ വീട്ടിൽ പരേതനായ എം.ജെ. ജോണിന്റെ ഭാര്യ തങ്കമ്മ ജോൺ (80) ഒക്ടോബർ 23ന് ന്യൂഡൽഹി എ.ഐ. എം.സ്. ഹോസ്പിറ്റലിൽ വച്ച് നിത്യതയിൽ ചേർക്കപ്പെട്ടു.

സംസ്കാര ശുശ്രൂഷ ഒക്ടോബർ 29ന് രാവിലെ ബെത്ര ഹോസ്പിറ്റലിന് സമീപമുള്ള സെന്റ് തോമസ് സെമിത്തേരിയിൽ നടന്നു. റീമാ ഫെല്ലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എൻ.പി. ഫിലിപ്പ് സംസ്കാര ശുശ്രൂഷ നിർവ്വഹിച്ചു. തുക്ലക്കബാദ് ഫെയ്ത്ത് ഗോസ്പൽ മിഷൻ ചർച്ച് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

കോതനെല്ലൂർ ന്യൂഇന്ത്യ ചർച്ച് ഓഫ് ഗോഡിലെ സജീവ അംഗമായിരുന്നു.

മക്കൾ: റ്റിജി, ജോസഫ്, ലീലൂ, മുത്ത്. മരുമക്കൾ: മാത്യൂസ് ജോൺ, ജോൺസൺ, പാസ്റ്റർ രാജേഷ്. കൊച്ചുമക്കൾ: അൻസൽ, എയ്ഞ്ചൽ, ഡാനി, മെൽവിൻ, ആൽവിൻ.

### ഏലിയാമ്മ പത്രൊസ്



**അടൂർ:** മാഞ്ഞാലി ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭാംഗവും മാലുമുരുപ്പേൽ വീട്ടിൽ പരേതനായ പത്രൊസിന്റെ ഭാര്യ ഏലിയാമ്മ പത്രൊസ് (92) നവംബർ 28ന് ശനിയാഴ്ച രാത്രിയിൽ നിത്യതയിൽ ചേർക്കപ്പെട്ടു.

സംസ്കാര ശുശ്രൂഷ നവംബർ 30ന് രാവിലെ നടന്നു. ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് റീജൻ കോ-ഓഡിനേറ്റർ പാസ്റ്റർ എബി ജോർജ്, റീജൻ സെക്രട്ടറി പാസ്റ്റർ വി.എം. ഏബ്രഹാം എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.


## വിശ്വാസ ഗീതങ്ങൾ

*ഒരു ഉത്തമ ഗാനോപഹാരം*

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി
1000ൽപരം ഗാനങ്ങൾ
**കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, പ്രേംവാണി(ഹിന്ദി), കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേമമാധുരി(തെലുങ്ക്), സ്നേഹ നിധി (എം. പി. ത്രി)**
**എന്നീ ആഡിയോ സിഡികളും ലഭ്യമാണ്**

കോപ്പികൾക്ക്:-
**Pastor M. Samuelkutty**
Yash Apartments, Flat no 101, First Floor, 96/E,
Ward No: 2, Mehrauli, New Delhi-110030



**വരിസംഖ്യ നിരക്ക്**
**ഒരുവർഷത്തേക്ക്**

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


### ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*–പത്രാധിപർ*


**എഡിറ്റോറിയൽ ബോർഡ്**

**ചീഫ് എഡിറ്റർ**
പാസ്റ്റർ എം. സാമുവൽകുട്ടി

**അസ്സോസിയേറ്റ് എഡിറ്റേഴ്സ്**
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

**പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ**
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# വെളിപ്പാട് സാഹിത്യങ്ങൾ



പാസ്റ്റർ മനോജ് തമ്പി
മങ്ങാട്

ക്രൈസ്തവഭക്തരുടെ പീഢന കാലങ്ങളിൽ പിറവിയെടുത്ത പവിത്രവാക്യങ്ങളുടെ സമാഹാരങ്ങളാണ് ദർശന സാഹിത്യം അഥവാ വെളിപ്പാട് സാഹിത്യം എന്ന പേരിൽ വേദഗ്രന്ഥത്താളുകളിൽ ഇടം നേടിയിരിക്കുന്നത്. യവനായ ഭാഷയിൽ അപ്പോക്കാലുപ്സിസ് എന്നറിയപ്പെടുന്ന വെളിപ്പാട് സാഹിത്യം മറഞ്ഞിരിക്കുന്നവയുടെ പ്രദർശനത്തെയാണ് അർത്ഥതലത്തിലെത്തിക്കുന്നത്. ദാനിയേൽ പ്രവചനം, വെളിപ്പാട് പുസ്തകം എന്നീ ഗ്രന്ഥങ്ങൾ വെളിപ്പാട് സാഹിത്യത്തിന്റെ കാനോനിക ഉദാഹരണങ്ങളാണ്. അറിയപ്പെടാതിരുന്ന യാഥാർത്ഥ്യങ്ങളെ അണിയറയിൽ നിന്നും ദൈവീകദർശനങ്ങളുടെ അകമ്പടിയോടെ മറ നീക്കി പുറത്തുകൊണ്ടുവരുന്ന അനുഭവമോ പ്രക്രിയയോ ദർശന സാഹിത്യമാണ്.

ക്രിസ്ത്വാബ്ദം 100നും 200നുമിടയിൽ രൂപം കൊണ്ട ക്രൈസ്തവ - യഹൂദ്യാ രചനകളിൽ ദർശനീയ സാഹിത്യത്തിന്റെ സ്വാധീനം വ്യക്തമാണ്. ഇത്തരം രചനകളിൽ മശിഹൈക സാമ്രാജ്യം, പ്രതിരൂപാത്മകത, അന്ത്യകാല ലക്ഷണങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളും പഠനങ്ങളുമുണ്ട്. ദുഷിച്ച് കൊണ്ടിരിക്കുന്ന വർത്തമാനകാല പ്രവണതകൾ ദൈവീക യുഗത്തിന് വിപരീതമാണെന്ന് ശക്തമായി സമർത്ഥിക്കുവാൻ പ്രസ്തുത രചനകൾ സ്വീകരിച്ചിരിക്കുന്ന ശൈലിയെ സാധാരണ ശൈലിയിൽ വ്യാഖ്യാനിക്കുക എന്നത് ദുഷ്ക്കരമാണ്. യഥാർത്ഥ കാഴ്ചകളെ അതുപോലെ അവതരിപ്പിക്കുവാൻ ഭാഷയിലെ വാക്കുകൾ പര്യാപ്തമാകാതിരുന്നതിനാൽ സമാനമായ വാക്കുകളാണ് വെളിപ്പാട് സാഹിത്യത്തിൽ സ്വീകരിച്ചിരിക്കുന്നത്.

ആശയങ്ങളുടെ നിറം കെട്ടുപോകാതെ പ്രതിരൂപാത്മകശൈലിയും, സാങ്കൽപ്പിക വാക്കുകളും കൊണ്ട് ഘടനാപരമായ നിർമ്മാണം നടത്തിയിരിക്കുന്ന വെളിപ്പാട് സാഹിത്യം ഇന്നും വേദപഠിതാക്കൾക്ക് മുന്നിൽ അത്ഭുതക്കാഴ്ചയാണ്. പ്രധാനപ്പെട്ട പ്രമേയങ്ങളുടെ അവതരണം ദർശനങ്ങൾക്കൊണ്ടോ, വെളിപ്പാടുകൾ മൂലമോ ആയതിനാൽ പൊരുൾ തേടിയുള്ള യാത്രയിൽ പിഴവുകൾ സ്വാഭാവികമാണ്. ദാതാവായ ദൈവത്തിൽനിന്നും ദാർശനികർ സ്വീകരിക്കുന്ന, അന്ത്യകാല സ്വഭാവമുള്ള ദർശനമോ രഹസ്യമോ വെളിപ്പാട് സാഹിത്യത്തിന്റെ മാത്രം പ്രത്യേകതയാണ്. നിശബ്ദ യുഗമെന്നും, അന്ധകാര കാലഘട്ടമെന്നും അറിയപ്പെടുന്ന പഴയപുതിയ നിയമങ്ങൾക്കിടയിലുള്ള 400 വർഷത്തെ ഇടവേള യെഹൂദ്യരചനകളുടെ കാഠിന്യകാലമായിരുന്നു. പ്രാവചനീക

ജീവിതവൈതരണികളിൽ ഇടറിയ പാദങ്ങളുമായി, ഈറനണിഞ്ഞ മിഴികളുമായി, വിറയാർന്ന കരങ്ങളുമായി നാം നിൽക്കുമ്പോൾ ശുഭകരമായ അന്ത്യത്തിലെ ത്തിക്കുവാൻ ദാനിയേലിന്റേയും യോഹന്നാന്റേയും പീഢനാനുഭവങ്ങളിലേക്ക് ഇറങ്ങിച്ചെന്ന ഉന്നതനായ ദൈവം നമുക്ക് വേണ്ടിയും അത്ഭുതങ്ങൾ ആവർത്തിക്കും

അരുളപ്പാടുകളോ നിവർത്തീകരണമോ നടപ്പാകാതിരുന്ന പ്രത്യേക കാലയളവിൽ യെഹൂദന്മാർ അന്ത്യോക്കസ് എപ്പിഫാനസിന്റെ മതപീഢയ്ക്ക് വിഷയീഭവിച്ചു. അനന്തരഫലമായി രഹസ്യവും പൊതുവായതുമായ സ്വഭാവമുള്ള ചില രചനകൾ രൂപം കൊണ്ടു. ഈ സാഹചര്യമാണ് യെഹൂദാ വെളിപ്പാട് സാഹിത്യം അതിന്റെ ശക്തിപ്രഭാവം പ്രകടമാക്കിയത്. യെഹൂദന്മാരെപ്പോലെ നിന്ദ്യവും നീചവുമായ പീഢനമുറകൾക്ക് ക്രൈസ്തവരും ഇരകളായതിന്റെ ചരിത്രം വെളിപ്പാട് സാഹിത്യത്തിന് അടിവര കുറിക്കുന്നു. പീഢിപ്പിക്കപ്പെടുന്നവരുടെ ആശ്വാസത്തിനായി ചമയ്ക്കപ്പെട്ട രചനകളിൽ ഭാവി പ്രത്യാശയായ മഹത്വീകരിക്കപ്പെട്ട ക്രിസ്തു തിളങ്ങിവിളങ്ങി നിൽക്കുന്നതും ദർശനീയ സാഹിത്യത്തിലാണ്.

പീഡനങ്ങൾ ശക്തമായതോടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ വിഭാഗിക്കപ്പെട്ടു. തുല്യരായ രണ്ട് ശക്തികൾ, ഇരുളും വെളിച്ചവും പോലെ, നല്ലതും തീയതും പോലെ, വസ്തുവും ആത്മാവും പോലെ ദൈവവും പിശാചും രണ്ട് തുല്യശക്തികളാണെന്ന ദ്വന്ദഭാവ വിശ്വാസം (Dualism) പ്രബലപ്പെട്ടു. ഇത്തരം ദരിദ്രപാഠങ്ങൾക്കെതിരെയുള്ള സമ്പന്നമായ ദൈവശാസ്ത്രചിന്തകൾ വെളിപ്പാട് സാഹിത്യത്തിലൂടെ പ്രകടമായി. ദൂതന്മാരിലുള്ള വിശ്വാസം, പേരുകൾ, ശുശ്രൂഷ, പ്രാധാന്യം എന്നിവയെ ശക്തീകരിക്കുന്നതിൽ പ്രസ്തുത സാഹിത്യശാഖ വിജയം നേടി. മനുഷ്യന്റെ ദാരിദ്ര്യം ദൈവത്തിന്റെ അവസരമാണെന്നും, കഷ്ടതയുടെ വഴി അവസാനിക്കുന്നത് പ്രത്യാശയിലാണെന്നും പീഡനപർവ്വത്തിന്റെ മദ്ധ്യേ വീണ്ടെടുപ്പുകാരൻ പ്രത്യക്ഷപ്പെടുമെന്നും നാം വായിക്കുന്നത് ദാനിയേൽ, വെളിപ്പാട് തുടങ്ങിയ ഗ്രന്ഥങ്ങളിലാണ്.

പ്രിയ വായനക്കാരെ, ജീവിതവൈതരണികളിൽ ഇടറിയ പാദങ്ങളുമായി, ഈറനണിഞ്ഞ മിഴികളുമായി, വിറയാർന്ന കരങ്ങളുമായി നാം നിൽക്കുമ്പോൾ ശുഭകരമായ അന്ത്യത്തിലെ ത്തിക്കുവാൻ ദാനിയേലിന്റേയും യോഹന്നാന്റേയും പീഢനാനുഭവങ്ങളിലേക്ക് ഇറങ്ങിച്ചെന്ന ഉന്നതനായ ദൈവം നമുക്ക് വേണ്ടിയും അത്ഭുതങ്ങൾ ആവർത്തിക്കും, ഭാവി തലമുറയുടെ ചരിത്രത്തിൽ ആ അത്ഭുതങ്ങൾ പ്രചോദനങ്ങളും പ്രത്യാശയും നൽകുമെന്നും നമുക്ക് ഉറപ്പിക്കാം.

# പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത് !

(നാലാം പേജിൽ നിന്ന് തുടർച്ച)

അവൻ സമയത്തിനുമുമ്പേ വെളിപ്പെടാതിരിക്കേണ്ടതിന് ഇപ്പോൾ തടുക്കുന്നത് എന്ത് എന്ന് നിങ്ങൾ അറിയുന്നു. അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ട്; ഇതുവരെ തടുക്കുന്നവൻ വഴിയിൽ നിന്ന് നീങ്ങിപ്പോക മാത്രം വേണം. അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും; അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും. അധർമ്മമൂർത്തിയുടെ പ്രത്യക്ഷത നശിച്ചു പോകുന്നവർക്കു സാത്താന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടുംകൂടെ ആയിരിക്കും; അവർ രക്ഷിപ്പെടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നെ അങ്ങനെ ഭവിക്കും. സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിന് ദൈവം അവർക്കു ഭോഷ്ക് വിശ്വസിക്കുമാറ് വ്യാജത്തിന്റെ വ്യാപാരശക്തി അയയ്ക്കുന്നു'.

മുകളിൽ പ്രസ്താവിക്കപ്പെട്ട പ്രവർത്ത നങ്ങൾ അതായത് ഇന്ന് ആത്മീയ ഗോളത്തിൽ നടക്കുന്ന ഊതി വീഴ്ത്തൽ, കുര, ഛർദി, ചിരി, കെട്ടിപിടി, വണ്ടികളി എന്നിവ വ്യാജാത്മാവാണെന്നത ദൈവജനം തിരിച്ചറിയേണം. അതിന് കൂട്ടുനിൽക്കുകയും കൈയടിക്കുകയും ചെയ്യുന്ന പെന്തക്കോസ്തു ജനതയേ യേശു യരുശലേം ദേവാലയത്തിൽ നടത്തിയ ശുദ്ധീകരണം പോലെ ചാട്ടവാർ കൊണ്ട് അടിച്ച് പുറത്താക്കണം. ദൈവവചനത്തിന് വിരുദ്ധമായവ ദൈവസഭയിൽ അനുവദിക്കരുത്. സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നു എന്നാണ് വേദപുസ്തകം പഠിപ്പിക്കുന്നത്. ആകയാൽ നാം അജ്ഞാനികൾ ആയിട്ടല്ല, ജ്ഞാനികൾ ആയിട്ടത്രേ നടക്കേണ്ടത്.

(തുടരും)



87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362 / 97
POSTAL REGN.NO. DL 07 / 0138 / 15 - 17
Date of Publication - 5th December 2015
Date of Posting - 7th & 8th of every month
Total Number of pages : 4

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

Price Rs. 3/-

## പരിശുദ്ധാത്മാവിനെ ദുഖിപ്പിക്കരുത്!



**പാസ്റ്റർ ജോസ് ശാമുവേൽ**
**ന്യൂഡൽഹി**

ഇന്നത്തെ തലമുറയിൽ വഷളത്വം വളരെയധികം വർദ്ധിച്ചു വരികയാണ്. ആരാലും നിയന്ത്രിക്കുവാൻ കഴിയാത്ത തരത്തിൽ ഒരു വല്ലാത്ത നിലയിലേക്ക് തലമുറ കൂപ്പുകുത്തുകയാണ്. ദൈവസഭയിലും ആത്മീകത്തിന്റെ പേരിൽ പല ദുഷ്പ്രവണതകളും അരങ്ങ് തകർക്കുകയാണ്. ജാതി, വർണ്ണ, വർഗ്ഗ വ്യത്യാസങ്ങൾ ദൈവസഭയിൽ കടന്നുകൂടയതോടെ പരിശുദ്ധാത്മാവ് പുറത്തുപോകുകയും ഇരുട്ടിന്റെ അധികാരിയുടെ ആത്മാവ് പല നേതാക്കൻമാരിലും ശുശ്രൂഷകരിലും പ്രവേശിച്ച് നൂതന ആശയങ്ങൾ ആകുന്ന വിഷം കലർത്തിയ ഉപദേശങ്ങൾ വാരിവിതറി ജനങ്ങളുടെ കണ്ണിനെ കുരുടാക്കുകയും ചെയ്യുന്നു.

കഴിഞ്ഞ ചില വർഷങ്ങളായി കേരളത്തിലെ പെന്തക്കൊസ്തരുടെ ഉപദേശങ്ങൾക്കും രീതികൾക്കും മാറ്റം വന്നുകൊണ്ടിരിക്കുന്നു. കൃപക്കാരും ന്യൂതന ഉപദേഷ്ടാക്കളും കൂടി വലിയ കൂട്ടം ജനങ്ങളെ ദുരൂപദേശത്തിലേക്ക് വലിച്ചുകൊണ്ട് പോയി വലച്ചു കളഞ്ഞു. അവരു ടെ വേദപുസ്തക വ്യാഖ്യാനം കേട്ടാൽ പരിശുദ്ധാത്മാവ് ദുഖിക്കും.

ഈ അടുത്ത കാലത്ത് ദൈവസഭയിൽ നുഴഞ്ഞു കയറിയ ഒരുതരം വികാരാവേശമായ ദുരാത്മാവ് ആണ് കുണ്ടലിനി ആത്മാവ്. വിശുദ്ധ ചിരി, വിശുദ്ധ കുര, വിശുദ്ധ ചർദ്ദി, ഊതി വീഴ്ത്തൽ, തള്ളിയിടൽ, തറയിൽ ചുരുണ്ടുകൂടി കിടന്ന് പിടച്ചിൽ, ഒരാൾ മറ്റൊരാളെ കെട്ടിപിടിച്ച് വിറയ്ക്കുക, കൂട്ടമായി കെട്ടിപിടിച്ച് തറയിൽ വീണ് കിടന്ന് ഉരുളുക, കരയുക, തവളച്ചാട്ടം, കസേരഎടുത്ത് പ്രസംഗം, തുവാല വീശൽ, ബലൂൺ പൊട്ടിക്കൽ എന്നുവേണ്ട നാടകങ്ങൾ ഏറെയാണ്. യഥാർത്ഥത്തിൽ ഇതെല്ലാം പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് എന്നാണ് ഈ വിദ്വാന്മാരുടെ ഉപദേശം. ദൈവജനം പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെപ്പറ്റി വിവേചിക്കേണ്ടതും പഠിക്കേണ്ടതും അത്യാവശ്യമായിരിക്കുന്നു.

> **ഇന്ന് ആത്മീയ ഗോളത്തിൽ നടക്കുന്ന ഊതി വീഴ്ത്തൽ, കുര, ചർദി, ചിരി, കെട്ടിപിടി, വണ്ടികളി എന്നിവ വ്യാജാത്മാവാണെന്നത് ദൈവജനം തിരിച്ചറിയേണം. അതിന് കൂട്ടുനിൽക്കുകയും കൈയടിക്കുകയും ചെയ്യുന്ന പെന്തക്കോസ്തു ജനതയേ യേശു യരുശലേം ദേവാലയത്തിൽ നടത്തിയ ശുദ്ധീകരണം പോലെ ചാട്ടവാർ കൊണ്ട് അടിച്ച് പുറത്താക്കും. ദൈവവചനത്തിന് വിരുദ്ധമായവ ദൈവസഭയിൽ അനുവദിക്കരുത്.**

ദൈവവചനം നാം പഠിക്കുമ്പോൾ രണ്ട് തരം ആത്മാവിനെ നമുക്ക് കാണാം. ദൈവാത്മാവ് എന്നും ദുരാത്മാവ് എന്നും. ദൈവാത്മാവ് എന്ന വ്യാജേന മുകളിൽ പറഞ്ഞവർ നടത്തുന്ന ഈ പ്രകടനങ്ങളെല്ലാം തികച്ചും തെറ്റാണെന്ന് ദൈവജനം മനസ്സിലാക്കണം. പൗലൊസ് അപ്പോസ്തലൻ വളരെ വ്യക്തമായി ഇതിനെക്കുറിച്ച് പഠിപ്പിക്കുന്നുണ്ട്. 2 തെസ്സലൊനീക്യർ 2:2-12 പറയുന്നു; 'കർത്താവിന്റെ നാൾ അടുത്തിരിക്കുന്നു എന്നുവച്ച് നിങ്ങൾ വല്ല ആത്മാവിനാലോ വചനത്താലോ, ഞങ്ങൾ എഴുതി എന്ന ഭാവത്തിലുള്ള ലേഖനത്താലോ സുബോധം വിട്ട് വേഗത്തിൽ ഇളകുകയും ഞെട്ടിപ്പോകയുമരുത്. ആരും ഏത് വിധേനയും നിങ്ങളെ ചതിക്കരുത്; ആദ്യമേ വിശ്വാസത്യാഗം സംഭവിക്കുകയും നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും വേണം. അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ട് ദൈവം എന്നു നടിച്ച്, ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിനും മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളി അത്രേ. നിങ്ങളോടുകൂടെ ഇരിക്കുമ്പോൾ തന്നെ ഞാൻ ഇത് നിങ്ങളോട് പറഞ്ഞു എന്ന് ഓർക്കുന്നില്ലയോ?

(ശേഷം മൂന്നാം പേജിൽ)

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

### സിൽവർ ജൂബിലി നിറവിൽ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്-ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമികൾ (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
7. വിശ്വാസി പബ്ളിക്കേഷൻസ്
8 മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

**INDIAN CHRISTIAN MISSION**
**Yash Apartments, Flat no 101, First Floor, 96/E,**
**Ward No: 2, Mehrauli, New Delhi-110030**
**E-mail: icm4india@yahoo.com, Website: www.indianchristianmission.com**

ഉറവ

## വറ്റാത്ത ഉറവിയിലെ നന്മ



**ഇവാ. ജോൺ സാമുവൽ**
**മണക്കാല**

ജയാപജയങ്ങളുടെ ഒരു വർഷം കൂടി നമ്മെ വിട്ട് ചരിത്രത്താളുകളിലേക്ക് ചേക്കേറുകയാണ്. ജീവിതത്തിൽ കഠിനാദ്ധ്വാനം ചെയ്ത് നേടിയെടുത്തതും പ്രതീക്ഷകൾക്കപ്പുറം ലഭിച്ചതുമായ പലതുമുള്ളപ്പോൾ തന്നെ ആഗ്രഹിത്ത പലതും ലഭിക്കാതെ അന്യമായിപ്പോയ അനുഭവങ്ങളും നിരവധിയായിരിക്കും. നിനച്ചിരിക്കാത്ത നിമിഷം നമ്മെ നടുക്കത്തിലും നിരാശയിലും ആക്കി നാടുനീങ്ങിയവരും കുറവല്ല. നഷ്ടങ്ങളുടെ കണക്കുകൾ നിരത്തി നിരാശാബാധിതരും അന്തർമുഖികളുമായി ശിരസ്സുകുനിച്ച് ഇരിക്കരുത്. പിന്നിട്ട വഴിത്താരകളിലേക്ക് തിരിഞ്ഞുനോക്കി നാഥൻ നടത്തിയ വിധങ്ങളെ ഓർത്ത് നിറമിഴികളോടെ നിറഞ്ഞ മനസ്സോടെ ഹൃദയംകൊണ്ട് ദൈവത്തെ സ്തുതിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്.

ഈ വർഷം നമ്മളോട് വിടചൊല്ലുമ്പോൾ വിസ്മരിക്കവയ്യാത്ത ഒട്ടനവധി ഓർമ്മകളുടെ ഒരു പടിയിറക്കമാണ് അത്. പക്ഷെ ഓരോ വിടചെല്ലലും മറ്റൊരു തുടക്കത്തിന് കാരണമാകുന്നു എന്നത് ഒരർത്ഥത്തിൽ സന്തോഷത്തിന് വഴി നൽകുന്നു. അതുപോലെതന്നെ ത്രിലോകനാഥനായ യേശുവിന്റെ തിരുപ്പിറവി ആഘോഷ-ആർഭാടപൂർവ്വം അനേകായിരങ്ങൾ കൊണ്ടാടുന്ന ദിവസങ്ങൾകൂടിയാണ് ഈ മാസം. വിവിധ വർണ്ണ നക്ഷത്രവിളക്കുകൾ, വെത്യസ്ത രൂപത്തിൽ പ്രഭവിതറികിടക്കുന്നു. ക്രിസ്തുമസ് ട്രീ, പുൽക്കൂട്, ആശംസാകാർഡുകൾ, മധുര പലഹാരങ്ങൾ എന്നുവേണ്ട എവിടെയും ആവേശതിമർപ്പുകൾ ആണ്. ഇരുളിനെ പ്രകാശപൂരിതമാക്കിക്കൊണ്ട് മധുരമനോഹരമായ കരോൾ ഗീതികൾ ആലപിച്ചുകൊണ്ട് ദൈവരാജ്യത്തിന്റെ വിളമ്പരവുമായി നാടിനേയും നാട്ടാരേയും ആനന്ദപുളകിതരാക്കുന്ന നിമിഷങ്ങൾ. ഒരുവശത്ത് ആനന്ദാതിരേകത്താൽ മനുഷ്യർ മതിമറന്ന് മാനംമുട്ടെ മശിഹയെ വാഴ്ത്തുമ്പോൾ മറുവശത്ത് സ്വപ്നങ്ങൾ എല്ലാം മനസ്സുലോതുക്കി കഴിയുന്നവവരും അസംഖ്യമാണ്.

തിരുപ്പിറവിയെ സ്മരിക്കുന്ന ചടങ്ങുകൾ എല്ലാം തന്നെ സന്തോഷകരമാണെങ്കിലും ഇത് സർവ്വജനത്തിനുമുള്ള മഹാസന്തോഷമാണെന്നു മനസ്സിലാക്കി അത് അപരർക്കുകൂടി പങ്കുവയ്ക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. യേശുവിനെക്കുറിച്ച് പലരോടും പറയാൻ പറ്റിയ ഒരവസരവും നാം പാഴാക്കിക്കളയരുത്.

യേശുക്രിസ്തു സ്നേഹത്തിന്റെ പൂർണ്ണസ്വരൂപമാണ്. അപാരമായ കാരുണ്യത്തിന്റെയും അനന്തമായ ക്ഷമയുടെയും സ്വർഗ്ഗീയമായ ശാന്തിയുടെയും പ്രതീകമാണ് ആ നാമം. പൗർണ്ണമി രാത്രിയിൽ ശാന്തമായ തടാകത്തിൽ ചന്ദ്രൻ എങ്ങനെ തെളിഞ്ഞുകാണുന്നുവോ അതുപോലെ ജീവിതത്തിന്റെ പൂർണ്ണതയും സൗന്ദര്യവും യേശുവിൽ തെളിഞ്ഞുകാണാം. സ്നേഹമാണ് ജീവിതത്തെ നയിക്കുന്ന മഹാശക്തിയെന്ന് സ്വജീവിതത്തിലൂടെ കാട്ടിത്തന്ന യേശു ഇനി പുൽക്കൂട്ടിലല്ല, പ്രത്യുത ഓരോ വ്യക്തിയുടേയും ഹൃദയത്തിലാണ് ജനിക്കേണ്ടത്.

അതുപോലെ തന്നെ, ഇതൊരു 'സീസൺ' ആണ്. കൺവൻഷൻ സീസൺ! അനുഗ്രഹീതരായ പ്രഭാഷകരിലൂടെ നടക്കുന്ന ആത്മപ്രചോദിതങ്ങളായ വചനഘോഷണങ്ങൾ അനേകായിരങ്ങൾക്ക് ആനന്ദദായകമായി തീർന്നുകൊണ്ടിരിക്കുന്നു. സാധാരണ ജനങ്ങൾക്കു മനസിലാകാത്ത കടുകട്ടിയുള്ള മലയാള ഭാഷാപ്രയോഗങ്ങളും മണിപ്രവാളസാഹിത്യവും ഒക്കെ മരണവെപ്രാളത്തോടെ വേദികളിൽ തട്ടിവിട്ടതുകൊണ്ട് യോഗത്തിന്റെ അണിയറ പ്രവർത്തകരായ സംഘാടകർ ഉദ്ദേശിച്ച ഫലം ലഭിക്കണ മെന്നില്ല. സകലർക്കും മനസ്സിലാകുന്ന ഭാഷാശൈലിയും അവതരണ രീതിയും അനുകരണീയവും അനുമോദനം അർഹിക്കുന്നതുമാണ്. നമ്മുടെ സാമ്പത്തിക ഭാരത്തേക്കാൾ ആത്മഭാരമായിരിക്കണം സുവിശേഷകന്റെ പരമ പ്രധാനമായ ലക്ഷ്യം. വചനപാരായണവും ധ്യാനവും പ്രാർത്ഥനയും ആത്മനിറവിലുള്ള ആരാധനയും അറിവു സമ്പാദനവും വിനയവും ലാളിത്യവുംമൊക്കെ പ്രഭാഷക രുടെ പിന്നാമ്പുറങ്ങളിൽ എന്നും എപ്പോഴും ഉണ്ടായിരി ക്കണം. പക്ഷെ വേദികളിൽ നിന്ന് വേദികളിലേക്ക് വിശ്രമ മില്ലാതെ ഓടാൻ ശ്രമിക്കുന്ന പലരും ഇന്നത് വിസ്മരിച്ചു പോകുന്നു.

ഈ വർഷം അവസാനിക്കുമ്പോൾ വിനയാന്വീതരായി ദൈവമുമ്പാകെ നമ്മെതന്നെ സമർപ്പിച്ചുകൊണ്ട് അവിടുത്തെ ഹിതത്തിനായി കാത്തിരിക്കാം. അവിടുത്തെ വരവ് താമസിക്കുന്നുവെങ്കിൽ വറ്റാത്ത ഉറവയിലെ നന്മ നാഥൻ തുടർന്നും നൽകിത്തരും നിശ്ചയം.

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442